**PREBOARD EXAMINATION – 2020-21**

**Class: X (CBSE)** **Total Marks: 80**
**Date…………….** **SUBJECT-MALAYALAM** **Time: 3 hrs.**

THE QUESTION PAPER IS DIVIDED IN TO TWO SECTIONS

Section A : Reading Comprehension :

Vocabulary Building & M.C.Q : 40 Marks

Section B : Grammar, Composition :

Literature (Prose, Poetry & Non-detailed) : 40 Marks

---

എ വിഭാഗം

1 താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) 8x1= 8

ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയമാണ് ആത്മകഥയും ജീവചരിത്രവും. ഒന്ന് സ്വയം വെളിപ്പെടുത്തൽ ആണെങ്കിൽ മറ്റൊന്ന് അപരനെ വെളിപ്പെടുത്തൽ ആണ്.നല്ല ആത്മകഥയ്ക്കും ജീവചരിത്രത്തിനും പിന്നിൽ നല്ലതുപോലെ ജീവിച്ച ഒരു വ്യക്തി ഉണ്ടാവണം.അതുപോലെ സത്യസന്ധമായി കാര്യങ്ങൾ വെളിപ്പെടുത്താനുള്ള ഒരു മനസ്സും ഉണ്ടാവണം.രാഷ്ട്ര പിതാവായ ഗാന്ധിജിയുടെ ആത്മകഥയായ ' എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' സ്വന്തം ശരികൾക്കൊപ്പം കുറവുകളും അപഗ്രഥിക്കുന്ന കൃതിയാണ്. തന്റെ വായനകാർക്ക് ആത്മോന്നതി നൽകുക എന്നതാണ് ഈ സാഹിത്യ രൂപത്തിന്റെ വികാസത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ജീവചരിത്രം ചരിത്രത്തോടു ഗാഢമായ ബന്ധം പുലർത്തുന്നു. ആദ്യകാലങ്ങളിൽ ചരിത്രം തന്നെ സമുന്നതരായവ്യക്തികളുടെ ജീവിതകഥയോടു ഘടിപ്പിച്ചാണു എഴുതിവന്നിട്ടുള്ളത്.

മലയാളത്തിലെ ആദ്യത്തെ ആത്മകഥ ചിട്ടയൊപ്പിച്ച് എഴുതിയതല്ലെങ്കിൽ വൈക്കത്ത് പാച്ചുമൂത്തത്തിന്റെ ആത്മകഥയാണ്. പക്ഷേ മലയാളികൾ

ആവേശത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളതന്റെ സാഹസികവും ശോകപൂർണ്ണവുമായ ജീവിതത്തെക്കുറിച്ച് എഴുതിയ 'എന്റെ നാടുകടത്തൽ' എന്ന ഗ്രന്ഥമാണ്.ഇ. വി കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണകൾ' അതിന്റെ ആഖ്യാനരീതികൊണ്ടും അതിൽ പരാമർശിക്കപെടുന്നവരെക്കുറിച്ചും, സ്വയം നിരീക്ഷണംകൊണ്ടും ആകർഷകമാണ്.

ചോദ്യങ്ങൾ

(i) ആത്മകഥാരചനയുടെ ലക്ഷ്യം എന്ത്?

( തന്റെ കഥ മറ്റുള്ളവരെ അറിയിക്കുക, ആത്മസംതൃപ്തി നേടുക, വായനാശീലം വർധിപ്പിക്കുക, വായനകാർക്ക് ആത്മോന്നതി നൽകുക )

(ii) ഒരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്ന വാങ്മയം എന്ന് വിശേഷിപ്പിക്ക പ്പെടുന്ന സഹിത്യവിഭാഗങ്ങൾ ഏതെല്ലാം?

( കഥ-നോവൽ, കവിത- ചെറുകഥ, ആത്മകഥ- ജീവചരിത്രം, സഞ്ചാരസഹിത്യം- ബാലസാഹിത്യം )

(iii) മലയാളികൾ ആവേശത്തോടെ വായിച്ച ആദ്യത്തെ ആത്മകഥ ആരുടേതായിരുന്നു?

( ഗാന്ധിജിയുടെ, ഇ. വി കൃഷ്ണപിള്ളയുടെ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ, വൈക്കത്ത് പാച്ചുമൂത്തത്തിന്റെ )

(iv) മലയാളത്തിലെ ആദ്യത്തെ ആത്മകഥയെന്ന് വിശേഷിപ്പിക്കാവുന്ന കൃതിയേത്?

('എന്റെ നാടുകടത്തൽ', വൈക്കത്ത് പാച്ചുമൂത്തത്തിന്റെ ആത്മകഥ, ' എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ, 'ജീവിതസ്മരണകൾ' )

(v) ആത്മകഥയ്ക്കും ജീവചരിത്രത്തിനും പിന്നിൽ അവശ്യം വേണ്ട ഘടകങ്ങൾ എന്തെല്ലാം?

( നല്ല വായനകാരൻ, നല്ല എഴുത്തുകാരൻ, നല്ല പ്രസിദ്ധീകരണ ശാല, നല്ലതുപോലെ ജീവിച്ചവ്യക്തിയും സത്യസന്ധമായി കാര്യങ്ങൾ പറയാനുള്ള മനസ്സും )

(vi) ' എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ ആരുടെ ആത്മകഥയാണ്?

(വൈക്കത്ത് പാച്ചുമൂത്തതിന്റെ, ഗാന്ധിജിയുടെ, ഇ. വി കൃഷ്ണപിള്ളയുടെ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ )

(vii) 'ജീവിതസ്മരണകൾ' എന്ന കൃതിയെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

(ആഖ്യാനരീതിയും സ്വയം നിരീക്ഷണവും, ആത്മാംശമുള്ള കൃതി, കൃതിയുടെ വലിപ്പം, ആത്മകഥയുടെ ഘടന)

(viii) 'എന്റെ നാടുകടത്തൽ' എന്ന ആത്മകഥ രചിച്ചത് ആര്?

(വൈക്കത്ത് പാച്ചുമൂത്തത്, ഗാന്ധിജി, ഇ. വി കൃഷ്ണപിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള)

(ix) ഗാന്ധിജിയുടെ ആത്മകഥയുടെ സവിശേഷത എന്ത്?

(ഇന്ത്യയുടെചരിത്രംവിവരിക്കുന്നു,തന്റെബാല്യകാലഅനുഭവങ്ങൾപങ്കുവയ്ക്കുന്നു, സ്വന്തം ശരികൾക്കൊപ്പം കുറവുകളും അപഗ്രഥിക്കുന്നു,ആകർഷകമായ രചനാ ശൈലി)

(x) ജീവചരിത്രം എന്തിനോടാണ് ഗാഢമായ ബന്ധം പുലർത്തുന്നത്?

( കഥയോട്, ആതമകഥയോട്, ചരിത്രത്തോട്, വായനകാരനോട് )

2 **ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ എടുത്തെഴുതുക** 8x1=8

(a) സ്മൃതി എന്ന പദത്തിന്റെ വിപരീതപദം എന്ത്?

( ഓർമ്മ, വിസ്മൃതി, സ്മരണ, സ്മേരം )

(b) ഇമ്പം എന്ന പദത്തിന്റെ വിപരീതപദം എന്ത്?

( തുമ്പം, ഈണം, ഗീതം, തുമ്പ് )

(c) സുതൻ എന്ന പദത്തിന്റെ പര്യായ പദങ്ങൾ എന്തെല്ലാം?

( മകൻ. തേരാളി, തനയൻ, പുത്രി )

(d) വേല എന്ന വാക്കിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?

( കഴിവ്, പണി, കര, സമുദ്രം )

(e) പക്ഷം എന്ന വാക്കിന്റെ നാനാർത്ഥപദം എന്ത്?

( പക്ഷി, ചിറക്, ഭാഗം, ആകാശം)

(f) ദിശ- ദശ ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക.

( സമയം, കാലം, ദയ, ദിക്ക് )

(g) മാനസതാര് എന്ന പദം എങ്ങനെ വിഗ്രഹിച്ചെഴുതാം.

( മനസ്സിലെതാര്, മനസ്സിന്റെ താര്, മനസ്സുപോലുള്ളതാര്, മനസ്സാകുന്ന താര്)

(h) ഏതതോതുക എന്ന പദം ശരിയായ രീതിയിൽ എങ്ങനെ പിരിച്ചെഴുതാം.

( ഏതത് + ഓതുക, ഏതോ + ഓതുക, ഏത് + ഓതുക, ഏതും+ അതോതുക)

(i) ഭവാൻ എന്ന പദത്തിന്റെ എതിർലിംഗം എന്ത്?

( ഭവ, ഭാഗിനി, ഭവതി, ഭാഗ്യ )

(j) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതെന്ന് കണ്ടെത്തിഎഴുതുക.

( സുഖോധയം, സുഖോതായം, സുഘോദയം, സുഖോദയം )

3. **ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്നും ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം)** 4x2=8

(a) "പക്ഷേ കണ്ണുകൾ കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്"

(i) ഏത് കവിതയിലെ വരികൾ ആണിത്?

( ലക്ഷ്മണസാന്ത്വനം, അമ്മയുടെഎഴുത്തുകൾ, അമ്മത്തൊട്ടിൽ, ഓണമുറ്റത്ത്)

(ii) ആരുടെ കണ്ണുകളെയാണ് ഇവിടെ പരാമർശിക്കുന്നത്?

( അമ്മയുടെ, കവിയുടെ, മകന്റെ, മാവേലിമന്നന്റെ )

(b) 'രണ്ടു വാക്കുകൾ മാത്രം രണ്ടുവാക്കുകൾക്കിടയിൽ സാന്ത്വനത്തിന്റെ നിറവ്'

i) എന്തായിരുന്നു ആ രണ്ടുവാക്കുകൾ?

(വെള്ളായിച്ചോ- നീലിയെ, മകനെ നീ എന്തുചെയ്തു?- എനിക്കോർമ്മയില്ല അപ്പ, വെള്ളായിയെ - മരയ്ക്കാരെ, ജയിലിലേക്ക് ഏതാ വഴി )

(ii) എവിടെ വച്ചാണ് ഈ സംഭാഷണം നടക്കുന്നത്?

( പഴുതറയിൽ, ജയിലിൽ, തീവണ്ടിയാപ്പിസ്സിൽ, കുരുക്ഷേത്രത്തിൽ)

(c) i വെള്ളിത്താലമെടുത്തു ലസിച്ചു നിൽക്കുന്നതാര്?

( നറുമുക്കുറ്റികൾ, തുമ്പകൾ, നെയ്യാമ്പലുകൾ, കമുകിൻ പൂവരി )

(ii) 'പഴയൊരുപുല്ലുവനാണല്ലോഞാൻ' പുള്ളുവൻ എന്തെല്ലാം ജോലികൾ ചെയ്യും?

( പാട്ടുകൾപാടും, ഓണത്തപ്പനെവരവേൽക്കും, കുട്ടയുംപായും നെയ്യും, വീടുകൾതോറും കയറിയിറങ്ങും)

(d) (i) ദുര്യോധനന്റെ സഹോദരി ആര്?

( പാഞ്ചാലി, ദുശ്ശള, കുന്തി, മാദ്രി )

(ii) സാഹിത്യ ഭൂഷണം ആരുടെ കൃതി?

( ഒ.വി വിജയൻ, കുട്ടികൃഷ്ണമാരാർ, ഇ.സന്തോഷ്കുമാർ, പെരുമ്പടവം ശ്രീധരൻ )

(e) (i) നളിനി എന്ന കവിത എഴുതിയത് ആര്?

( എഴുത്തച്ഛൻ, കുമാരനാശാൻ, വള്ളത്തോൾ, റഫീക്ക് അഹമ്മദ്)

(ii) നളിനി എന്ന കൃതിയുടെ മറ്റൊരു പേരെന്ത്?

( വിലാപകാവ്യം, സ്നേഹഗീതം, ഒരു സ്നേഹം, പനിനീർപ്പൂവ് )

(f)(I) ലക്ഷ്മണ സാന്ത്വനം എന്ന കവിത ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

( അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ഭാഗവതം, ഭഗവത്ഗീത, രാമായണം)

(ii) "  വിഷത്തെക്കാൾ വർജ്യമാം

നരചിത്തംദുഷിക്കുകിൽ"  ഈവരികളുടെആശയംവരുന്നസന്ദർഭം

താഴെകൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(അശ്വത്ഥാമാവ് നടത്തിയ അരുംകൊല, കണ്ടുണ്ണിയെ തൂക്കിലേറ്റിയത്, ചെമ്പുമത്തായി മക്കളെ തല്ലിവളർത്തിയത്, വെള്ളായിയപ്പനെ അപരിചിതർ കളിയാക്കിയത്)

4 **ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽനിന്നും ശരിയുത്തരങ്ങൾ കണ്ടെത്തി എഴുതുക. (ഓരോന്നിനും ഓരോ മാർക്ക് വീതം** 4x4=16

(a) "വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെ തന്നെയിരിക്കട്ടെ"

(i) ആര് ആരോട് പറയുന്ന വാക്കുകൾ ആണിത്?

( വെള്ളായിയപ്പൻ കോടച്ചിയോട്, മരയ്ക്കാർ വെള്ളായിയപ്പനോട്, ചാക്കുണ്ണി ചെമ്പുമത്തായിയോട്, നീലിമണ്ണാത്തി വെള്ളായിയപ്പനോട്)

(ii) ഏത് കൃതിയിലെ വാക്കുകൾആണിത്?

(കടൽത്തീരത്ത്, പണയം, യുദ്ധത്തിന്റെ പരിണാമം, അമ്മത്തൊട്ടിൽ)

(iii) ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന അനുഭവം എന്ത്?

( സങ്കടം, അനുകമ്പ , ദേഷ്യം, മരണഭയം )

(iv) എവിടെവച്ചാണ് ഈ സംഭാഷണം നടക്കുന്നത് ?

( വെള്ളായിയപ്പന്റെ വീട്ടിൽ വച്ച്, ജയിലറയിൽവച്ച്, ചെമ്പുമത്തായിയുടെ വീട്ടിൽ വച്ച്, വെള്ളായിയപ്പൻ കണ്ണൂരിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ)

(b) 'വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ'

(i) ആരാണ് ഈ വാക്കുകൾ പറയുന്നത്?

( രാമൻ, ലക്ഷ്മണൻ, ദിവാകരൻ, നളിനി )

(ii) മത്സരാദ്യം വെടിയേണ്ടത് ആരാണ് ?

( രാമൻ, ലക്ഷ്മണൻ, ദിവാകരൻ, നളിനി )

(iii) ഈ വരികൾ ആരുടേതാണ്?

( എഴുത്തച്ഛൻ, കുമാരനാശാൻ, വൈലോപ്പിള്ളി, റഫീക്ക് അഹമ്മദ് )

(iv) 'സൗമിത്രേ' എന്ന വാക്കുക്കൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

( കുപിതനായവനെ, നിരാശനിറഞ്ഞവനെ, സുമിത്രയുടെമകനെ, സഹോദര)

(c) ' അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-

ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.'

(i) മനസ്സിലൂടെ കടന്നുപോയ ചിന്ത എന്തായിരുന്നു?

(അമ്മയെ ഉപേക്ഷിക്കുന്നതിൽ ഉള്ള ദു:ഖം, അമ്മയെഉപേക്ഷിക്കാൻ ഇടം കിട്ടാത്ത വിഷമം, പണ്ട് പനിച്ചപ്പോൾ അമ്മ നൽകിയ സംരക്ഷണത്തെക്കുറിച്ചുള്ള ഓർമ്മ, അമ്മയോടുള്ള സ്നേഹം)

(ii) ആരുടെ മനസ്സിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്?

( കവിയുടെ, അമ്മയുടെ, ഭാര്യയുടെ, മകന്റെ )

(iii) ഈ വരികളിൽ സൂചിപ്പിക്കുന്ന സ്ഥലം ഏത്?

( വിദ്യാലയമുറ്റം, ക്ഷേത്രപരിസരം, വിജനമായതെരുവ്, ജില്ലാശുപത്രി )

(iv) ഈ വരികൾ ഏത് കവിതയിൽ നിന്നും എടുത്തിട്ടുള്ളതാണ്?

( ഓണമുറ്റത്ത്, ലക്ഷ്മണ സാന്ത്വനം, അമ്മത്തൊട്ടിൽ, പ്രിയദർശനം )

(d) "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ" ഒക്കെ നിങ്ങള് എഴുതിവയ്ക്കണം."

(i) ആരുടെ കണക്കുകളാണ് തെറ്റിയത്?

( ചെമ്പുമത്തായിയുടെ, കുഞ്ഞനത്തിന്റെ, ചാക്കുണ്ണിയുടെ, ദൈവത്തിന്റെ )

(ii) ഈ വാക്കുകളിൽ തെളിയുന്ന ഭാവം എന്ത്?

( തനിക്ക്കണക്ക്അറിയില്ലെന്ന ദു:ഖം, മകൻനഷ്ടപ്പെട്ടതിലുള്ള സങ്കടം, ജീവിതത്തിൽ കണക്കുകൂട്ടലുകൾ വേണം എന്ന ചിന്ത, പണയമുതലിന്റെ മൂല്യത്തെക്കുറിച്ചുള്ള ചിന്ത)

(iii) ഈ വാക്കുകൾ ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യവിഭാഗത്തിലുൾപ്പെടുന്നു?

( കഥ, നോവൽ, നിരൂപണം, ചെറുകഥ )

(iv) പണയം എന്ന കഥ നടക്കുന്ന ഗ്രാമം ഏത്?

(ആറാട്ടുപുഴ, പഴുതറ, ആറാട്ടുകുന്ന്, കണ്ണാടിപാറ )

(e) 'ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

(i) ആരാണ് ഈ വാക്കുകൾ പറയുന്നത് ?

( ദിവാകരൻ, നളിനി, പ്രാണി, കവി )

(ii) എന്തായിരുന്നു ആഗ്രഹം ?

( ഈശ്വരനെകാണുക, ദിവാകരനെകാണുക, നളിനിയെകാണുക, ഹിമാലയത്തിൽ പോവുക)

(iii) ആരോടാണ് ഈ വാക്കുകൾ പറയുന്നത്?

( സന്ന്യാസിയോട്, ദിവകരനോട്, നളിനിയോട്, ഇവരോടോന്നുമല്ല )

(iv) സ്നേഹഗായകൻ എന്നറിയപ്പെടുന്ന കവി ആര്?

( വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ, എഴുത്തച്ഛൻ )

ബി - വിഭാഗം

5 (a) **പ്രയോഗം മാറ്റുക** 2x1=2

(i) ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായ ഒരു പാട്ടിനു വേണ്ടി കാതോർത്തു

(ii) ദ്രൌണി അയാളെ ചവിട്ടിയുണർത്തി

(b) **അംഗവാക്യവും അംഗിവാക്യവും വേർതിരിച്ച് എഴുതുക.** 2x1=2

(i) കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു

(ii) ദ്രൌണിയുടെ ഭാവം ആദ്യമേകണ്ടറിഞ്ഞ കൃഷ്ണൻ ദ്രോണരുപദേശിച്ച അതേ അസ്ത്രം പ്രയോഗിപ്പാൻ സമയമായെന്നു പറഞ്ഞു.

(c) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** 2x1=2

(i) വർഷന്തോറും ആണ്ടിലൊരിക്കൽ മലയാറ്റൂർക്കു പോകാറുള്ളത് അയാൾ അക്കൊല്ലം മുടക്കുവരുത്തി.

(ii) പരിചയമില്ലാത്ത അപരിചിതന്റെ സംഭാഷണം ഒരു കൊലകൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.

(d) **അർത്ഥംമാറാതെ വിധിവാക്യത്തെ നിഷേധവാക്യമായി മാറ്റുക.** 2x1=2

(i) വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു.

(ii) അർജുനൻ അവരെ കണ്ടഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു.

(e) **ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകും വിധം സ്വന്തവാക്യത്തിൽ പ്രയോഗിക്കുക.** 2x1=2

(i) പരിണമിക്കുക, (ii) ദൈന്യത്തോടെ (iii) സഹാനുഭൂതി

6 **a) ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക,( ഓരോന്നിനും 5 മാർക്ക് വീതം)** 3x5=15

**(a) ഏതെങ്കിലും ഒരുവിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.**

1. മാറുന്ന ലോകവും മാനവികതയും
2. കോവിഡ്കാലത്തെ അതിജീവനം

(b) ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഭക്ഷ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.

(c) ജനവാസമേഖലയിൽ മാലിന്യം തള്ളുന്നതിനെതിരെ നാട്ടുകാർ പ്രതിഷേധിച്ചു. നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പ്രതികരണം എന്നിവ ഉൾപ്പെടുത്തി പത്രവാർത്ത തയ്യാറാക്കുക.

7 **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദേശമനുസരിച്ച് ഉത്തരം എഴുതുക.** 3x3=9

**( ഓരോന്നിനും 3 മാർക്ക് വീതം)**

(a) **ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.**

(i) ‘അർത്ഥപൂർണ്ണങ്ങളായ മൗനങ്ങളാണ് കടൽത്തീരത്ത് എന്ന ചെറുകഥയെ പൂരിപ്പിക്കുന്നത്’ - വിശദമാക്കുക.

(ii) പണയം എന്ന കഥയിൽ തെളിയുന്ന ചെമ്പുമത്തായിയുടെ സ്വഭാവസവിശേഷതകൾ എന്തെല്ലാം?

(b) **ഏതെങ്കിലും രണ്ടു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.**

(i) ‘ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധംവികലമാംസുഖോദയം’സന്ദർഭംവിശകലനംചെയ്ത്കുറിപ്പ്തയ്യാറാക്കുക.

(ii) തത്വചിന്താപരമായ ഉപദേശങ്ങളും, സാന്ത്വനങ്ങളും കൊണ്ട് നിറഞ്ഞതാണ് ‘ലക്ഷ്മണസാന്ത്വനം’ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്?

(iii) മലയാളദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെ? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

8 **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** 2x3 =6

(i) കുഞ്ഞൻ പിള്ളയുടെ ബാല്യകാലം എങ്ങനെയുള്ളതായിരുന്നു?

(ii) വിദ്യാധിരാജൻ എന്ന വിശേഷണം ചട്ടമ്പിസ്വാമിക്ക് ലഭിച്ചതെങ്ങനെ?